പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*223 10.12.2014 ലെ മറുപടിയ്ക്ക്

**ജലവിമാന സർവ്വീസ് പദ്ധതി**

| ചോദ്യം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ് നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ചാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളെ വായു മാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിന് വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്. |
| സി) | പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതു വഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | പദ്ധതി റിപ്പോർട്ട് പ്രകാരം അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ, എന്നീ കേന്ദ്രങ്ങൾ മുൻഗണനാ പ്രദേശങ്ങളായി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരികയാണ്. ഇവയിൽ കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിൽ ആവശ്യമായ വാട്ടർഡ്രോം ഒരുക്കിയിട്ടുണ്ട്. ഇവയും മറ്റ് വിമാനത്താവളങ്ങളുമായി ബന്ധപ്പിച്ച് ജലവിമാന സർവ്വീസ് നടത്താവുന്നതാണ്. ഇവ കൂടാതെ അതാത് പ്രദേശങ്ങളിൽ ഹ്രസ്വ ദൂര വിനോദ യാത്ര (ജോയ് റൈഡ് ) നടത്താവുന്നതാണ്. |
| ഡി) | പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്നുള്ള കൊമേഴ്സ്യൽ സർവ്വീസ് നടത്തുന്നതിനായി ഓപ്പറേറ്റർമാർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവരുടെ ജലവിമാനങ്ങൾ ജനുവരി ആദ്യവാരത്തോടെ സംസ്ഥാനത്ത് പ്രവർത്തന സജ്ജമായി എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ